# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1639.

25-3-2013 -ൽ മറുപടിക്ക്

## 2012-ലെ നയപ്രഖ്യാപന പ്രസംഗം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കെ.നാരായണൻ | ശ്രീ.ഉമ്മൻചാണ്ടി,<br>മുഖ്യമന്ത്രി. |
| 2012-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ നടപ്പിലാക്കിയവ ഏതെല്ലാമെന്ന് വിശദമാക്കാമോ? | നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## നടപ്പിലാക്കിയ പദ്ധതികൾ

### സാമൂഹ്യ നീതി വകുപ്പ്

1. വികലാംഗർക്കായി നീക്കിവച്ചിട്ടുള്ളതും നികത്തപ്പെടാതെ കിടക്കുന്നതുമായ പി.എസ്.സി. ഒഴിവുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനു വേണ്ടി ഒരു ഏകദിന അദാലത്ത് 5-3-2012-ൽ നടത്തുകയും 1039 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തു.
2. ജെന്റർ ഫെസ്റ്റിവൽ കോഴിക്കോട് വച്ച് മാർച്ച് 8 മുതൽ 17 വരെയുള്ള ദിവസങ്ങൾ നടത്തുകയുണ്ടായി. ജെന്റർ പാർക്കിന്റെ ശിലാസ്ഥാപന ത്തിനുള്ള നടപടി തുടർന്നു വരുന്നു.
3. നിർഭയ പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.
4. കുട്ടികൾക്ക് കോക്ളിയർ ഇംപ്ലാന്റ് ചെയ്ത് കൊടുക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

### മത്സ്യബന്ധന തുറമുഖ വകുപ്പ്

1. അക്വാകൾച്ചർ നയം രൂപീകരിക്കുന്നതിനായി സർക്കാർ തലത്തിൽ ഒരു കമ്മിറ്റി രൂപവൽക്കരിക്കുകയും ഈ കമ്മിറ്റി അതിന്റെ നിർദ്ദേശം സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.
2. മത്സ്യ സമൃദ്ധി പദ്ധതി നടപ്പിലാക്കി.
3. ഗുണഭോക്താക്കളുടെ സാമ്പത്തിക ആനുകൂല്യങ്ങൾ ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് മാറ്റുന്ന രീതി, സമ്പാദ്യ സമാശ്വാസ പദ്ധതി വഴി 1,83,000 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളി ലേയ്ക്ക് ധനസഹായം നൽകികൊണ്ട് നടപ്പിലാക്കി.
4. 222 മത്സ്യബന്ധന വില്ലേജുകളുടെ സമഗ്ര വികസനത്തിനായി മാതൃകാ മത്സ്യഗ്രാമം പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി എന്നിവ ഭരണാനുമതി ലഭിച്ച് നടപ്പിലാക്കി വരുന്നു.

### സഹകരണ വകുപ്പ്

1. ആലപ്പുഴ, തൃശ്ശൂർ, എറണാകുളം ജില്ലാ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. പാലക്കാട്, പത്തനംതിട്ട, കണ്ണൂർ ജില്ലാ സഹകരണ ബാങ്കുകളിൽ സി.ബി.എസ്.നടപ്പിലാക്കി വരുന്നു. നബാർഡിന്റെ സഹായത്തോടെ ബാക്കിയുള്ള 8 ജില്ലാ സഹകരണ ബാങ്കുകളിൽ സി.ബി.എസ്. നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.
2. NAFCUB-ന്റെ ആഭിമുഖ്യത്തിൽ അർബൻ ബാങ്കുകളിൽ സി.ബി.എസ്. നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
3. ദരിദ്രർക്കും ആവശ്യക്കാർക്കും ആരോഗ്യ പരിപാലന ചെലവ് കുറയ്ക്കാൻ വേണ്ടി 2012-13 വർഷത്തിൽ 35 ഡയാലിസിസ് യൂണിറ്റുകൾ സഹകരണ

സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ 3 സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ നല്ല സജ്ജീകരണങ്ങളുള്ള 6 ക്ലിനിക്കൽ ലാബുകൾ സഹകരണ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ആയതിൽ 4 സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

## വനം വന്യജീവി വകുപ്പ്

കാസർഗോഡ് ജില്ലയിൽ ഒരു പുതിയ ഫോറസ്റ്റ് ഡിവിഷൻ സ്ഥാപിക്കുക എന്നത് പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടുണ്ട്.

## പൊതു വിദ്യാഭ്യാസ വകുപ്പ്

അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട് പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെയും റിട്രഞ്ചഡ് അദ്ധ്യാപകരുടെയും ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെയും, സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെയും വിശദമായ ലിസ്റ്റ് തയ്യാറാക്കൽ, ട്രെയിനിംഗ് അവരുടെ പുനർവിന്യാസം എന്നിവ നടപ്പാക്കിയിട്ടുണ്ട്.

## തൊഴിലും പുനരധിവാസവും വകുപ്പ്

1. സംസ്ഥാനത്തെ തിരുവനന്തപുരം ജില്ലയിലെ കോർപ്പറേഷൻ ഉൾപ്പെടുന്ന പ്രദേശങ്ങൾ, കോഴിക്കോട്, എറണാകുളം ജില്ലകൾ എന്നിവിടങ്ങളിൽ കയറ്റിറക്കു കൂലി ഏകീകരിക്കുകയും ടി പ്രദേശങ്ങളെ നോക്കുകൂലി വിമുക്തമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.
2. സ്ഥാപന രജിസ്ട്രേഷൻ, പുതുക്കൽ, ലൈസൻസ് എന്നിവയ്ക്ക് ഇ-ഗവേർണൻസ് സൗകര്യം തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ നടപ്പാക്കിയിട്ടുണ്ട്.
3. ശമ്പളം ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## നിയമ വകുപ്പ്

ലോ ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റവും കോർട്ട് കേസസ്സ് മോണിറ്ററിംഗ് സൊലൂഷൻസ് ഫോർ ലോ ഓഫീസും കെൽട്രോൺ മുഖാന്തിരം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. LIMS-ന് 60 ലക്ഷം രൂപയും CCMS-ന് 23 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്.

## കായിക യുവജന കാര്യ വകുപ്പ്

യുവജന കമ്മീഷൻ രൂപീകരിച്ചു. യുവജന നയം അംഗീകരിക്കുകയും ചെയ്തു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 14 ജില്ലകളിലും സി.എച്ച്.സി/ പി.എച്ച്.സി./സബ് സെന്റർ തലത്തിൽ എൻ.സി.ഡി. ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ജനനി ശിശു സുരക്ഷാ കാര്യക്രം (കെ.എസ്.എസ്.കെ) പദ്ധതിയിൽ ഗർഭിണികൾക്ക് സൗജന്യ ഗതാഗത സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

പാർലമെന്ററി കാര്യ വകുപ്പ്

അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡെസ്ക് നടപ്പാ ക്കിയിട്ടുണ്ട്. പാർലമെന്ററി ലിറ്ററസി ക്ലബ്ബിന്റെ പ്രവർത്തനം സംസ്ഥാനത്തെ 305 സ്കൂളുക ളിലും Human Rights Education Club-ന്റെ പ്രവ ർത്തനം 99 സ്കൂളുകളിലും 2012 വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ സ്കൂളുകളിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്ന തിനുള്ള നടപടികൾ തുടർന്നു വരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ്

ഉറവിട മാലിന്യ സംസ്കരണത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി ശുചിത്വ മിഷന്റെ വാർഷിക പദ്ധതിയിൽ നഗര പ്രദേശങ്ങളിലെ ഉറവിട മാലിന്യ സംസ്കരണ ത്തിനായി ഗ്രാമങ്ങൾക്ക് 24 കോടി രൂപയും നഗരങ്ങൾക്ക് 74 കോടി രൂപയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. 1188 തദ്ദേശ ഭരണ സ്ഥാപനങ്ങ ളിലായി 98.26% കണക്കിവിറ്റി ഉറപ്പു വരുത്തിയി ട്ടുണ്ട്. ആകെ 1144 പഞ്ചായത്തുകളിൽ 551 എണ്ണത്തിൽ സാംഖ്യ സോഫ്റ്റ് വെയർ വിന്യസിപ്പിച്ചു.

പിന്നോക്ക സമുദായ വികസന വകുപ്പ്

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

നികുതി വകുപ്പ്

1. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.
2. എക്സൈസ് വകുപ്പിന് ആവശ്യമായ ഗതാഗത സൗകര്യം ഏർപ്പെടുത്തുകയും അത്യാധുനിക ആയുധങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.
3. 'മദ്യവിമുക്ത കേരളം' എന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്.
4. സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിൽ നിലനിൽക്കുന്ന

അപാകതകൾ പരിഹരിച്ചു.

5. തിരുവനന്തപുരം ജില്ലയിലെ 12 സബ് രജിസ്ട്രി ഓഫീസുകളിൽ സമാഹൃത രജിസ്ട്രേഷൻ ഡാറ്റാ ബേസ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി.

6. പാർട്ണർഷിപ്പ് ഓൺ ലൈൻ ആയി രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് ഓൺ ലൈൻ ആയി ലഭ്യമാക്കി തുടങ്ങി.

Section Officer.